പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2486** **12.02.2020-ൽ മറുപടിക്ക്**

**വൈദ്യുതി വകുപ്പിന്റെ ജനകീയ അദാലത്ത്**

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം<br>" വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വകുപ്പിന്റെ ജനകീയ അദാലത്ത് വഴി പരിഹാരം കാണാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളുടെ വിവിധ പരാതികൾ പരിഹരിക്കുന്നതിനാണ് ജനകീയ വൈദ്യുതി അദാലത്ത് ലക്ഷ്യം വെക്കുന്നത്. ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങി എല്ലാ വിഭാഗങ്ങളിൽപെടുന്ന പരാതികളും അദാലത്തിൽ പരിഗണിക്കുന്നുണ്ട്. വൈദ്യുതി കുടിശ്ശിക, പോസ്റ്റ് വാടക തർക്കങ്ങൾ/ പരാതികൾ, സർവ്വീസ് കണക്ഷൻ, ലൈൻ മാറ്റി സ്ഥാപിക്കൽ, മരം മുറിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച പരാതികൾ, കോൺട്രാക്ട് ബില്ലുകൾ, വോൾട്ടേജ് ക്ഷാമം, താരിഫ്, മീറ്റർ തകരാർ, സുരക്ഷ എന്നിങ്ങനെ വിവിധ തരത്തിലുള്ള പരാതികൾ ജനകീയ വൈദ്യുതി അദാലത്തിൽ പരിശോധിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ജനകീയ അദാലത്തിലേക്ക് പരാതി മുൻകൂട്ടി നൽകേണ്ടതുണ്ടോ; എങ്കിൽ അതിന്റെ രീതി അറിയിക്കാമോ; ജനകീയ അദാലത്തിൽ ഒരാൾക്ക് പരാതിയുമായി നേരിട്ട് ഹാജരാകുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | അദാലത്ത് ദിവസത്തിന് 10 ദിവസം മുമ്പ് വരെ അതാത് ഇലക്ട്രിക്കൽ സെക്ഷൻ/ഇലക്ട്രിക്കൽ സബ്ഡിവിഷൻ/ഇലക്ട്രിക്കൽ ഡിവിഷൻ/ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളിൽ അപേക്ഷാ ഫീസ് ഇല്ലാതെ പരാതികൾ സമർപ്പിക്കാവുന്നതാണ്. പരാതികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സഹിതം അദാലത്തിൽ പരിഗണിക്കാനുള്ള സൗകര്യത്തിനാണ് പത്തു ദിവസം മുമ്പെന്ന് തീരുമാനിച്ചത്. അതിനു ശേഷം കിട്ടുന്ന പരാതികളും അദാലത്ത് തീയതിയിൽ നേരിട്ട് തരുന്ന പരാതികളും അദാലത്തിൽ പരിഗണിക്കുന്നുണ്ട്. അങ്ങനെ ലഭിക്കുന്നവയിൽ വിശദമായ പരിശോധന ആവശ്യമായ പരാതികളിൽ അത്തരം പരിശോധന നടത്തി തീർപ്പുകൽപ്പിക്കുന്നതാണ്. |
| (സി) | ജനകീയ അദാലത്തിന്റെ സംഘാടനം, പരസ്യം എന്നിവയ്ക്ക് വേണ്ടി സർക്കാർ ചെലവിടുന്ന തുക എത്രയെന്ന് അറിയിക്കുമോ; വിശദവിവരം നല്കുമോ? | (സി) | 14 ജില്ലകളിൽ 8 ജില്ലകളിലെ അദാലത്തുകൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ചെലവ് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ